# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2409** **19.07.2016** -ൽ മറുപടിക്ക്

**പൈതൃക നിർമ്മിതികളുടെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ. റോജി എം.ജോൺ:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. അൻവർ സാദത്ത്: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും പുരാവസ്തുവും<br>മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രധാന പൈതൃക നിർമ്മിതികളുടെ നവീകരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതും 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കം ഉള്ളതുമായ കെട്ടിടങ്ങളെ 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഇവയ്ക്ക് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്തു പോരുന്നു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് മാത്രമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. കൂടാതെ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ സംരക്ഷണ പണികൾ പുരാവസ്തു വകുപ്പ് ചെയ്തുപോരുന്നു. പൈതൃക മന്ദിരങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദീകരിക്കുമോ ; | (ബി) യും (സി) യും | ഒരു ദേശത്തിന്റെ തനത് സംസ്കാരവുമായി ബന്ധപ്പെട്ട പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുകയെന്നത് ആ ദേശത്തിന്റെ തന്നെ ആവശ്യകതയാണ്. കൂടാതെ വരും തലമുറയ്ക്ക് പൂർവ്വികരെക്കുറിച്ച് അഭിമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരവും പൈതൃക നിർമ്മിതികൾ സംരക്ഷിക്കുന്നത് മുഖേന ലഭിക്കും. പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകമല്ലാത്ത പൈതൃക കെട്ടിടങ്ങളുടെയും, മേഖലകളുടെയും കണ്ടെത്തൽ, മറ്റ് അനുബന്ധ നടപടികൾ എന്നിവ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മുഖാന്തിരം നടന്നു വരുന്നു. |
| (സി) | ഈ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ